കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പട്ടുവം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/311/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയതി : 12.06.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടുവം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടുവം ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-12,1-15,1-17 മുതൽ 1-23 വരെ,1-16,1-27,1-31,1-32,1-34,1-36 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/311/2020.

തീയതി: 12.06.2020.

# കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 14.11.18 മുതൽ 28.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. കോവിഡ്-19 നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ എക്സിറ്റ് മീറ്റിംഗ് നടത്തിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ.എം.പി.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.03.2020 മുതൽ 20.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു. ടി . പി,<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ഗണേശൻ കേളോത്ത്,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സബിത. കെ.,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ . ആനക്കീൽ ചന്ദ്രൻ | 01.04.18 മുതൽ31.03.19 വരെ |
| സെക്രട്ടറി | ശ്രീ. പി ഭാർഗ്ഗവൻ | 01.04.18 മുതൽ 30.06.18 വരെ |
| | ശ്രീ.ബാലകൃഷ്ണൻ ടി വി | 01.07.18 മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.പ്രീത.കെ | 01.04.18 മുതൽ 02.08.19 വരെ |
| | ശ്രീമതി.സപ്ന.കെ | 03.08.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ശ്രുതി എസ് | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സ്നേഹേഷ്.കെ | 01.04.18 മുതൽ 31.03.19 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ രാജേഷ് | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ | ശ്രീമതി.ബബിത.കെ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ.ധന്യ ഉണ്ണിക്കൃഷ്ണൻ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | ഡോ.ജയപ്രകാശ് | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അനിൽ | 01.04.18 മുതൽ 31.05.18 വരെ |
| | ശ്രീമതി.സൽമ തോമസ് | 01.06.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഉഷ.എം. വി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ മധു.എം. പി | 01.04.18 മുതൽ 03.12.18 വരെ |
| | ശ്രീമതി.മൃദുല.എം.ടി | 04.12.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബിന്ദിയ.കെ.വി | 01.04.18 മുതൽ 14.03.19 വരെ |
| | ശ്രീ.മനു.പി.രാജ് | 15.03.19മുതൽ 31.03.19 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി അപാകതകൾ |
| 13 | 1-13 | ഡി & ഒ ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ കാലതാമസം വരുത്തിയത് |
| 14 | 1-14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത് |
| 15 | 1-15 | അപായകരമായ വൃക്ഷങ്ങളുടെ മുറിച്ച് മാറ്റിയതിന് തുക ചെലവഴിച്ചത് -തുക തിരികെ ഈടാക്കിയില്ല-5000രൂപയുടെ ചെലവ് നഷ്ടം |
| 16 | 1-16 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭ്യമാകാത്തത് |
| 17 | 1-17 | ക്ഷേമപെൻഷൻ വിതരണം- ക്ലെയിം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച്ച |
| 18 | 1-18 | സോളാർ പാനൽ സ്ഥാപിക്കൽ -തുടർ നടപടികൾ സ്വീകരിക്കാൻ കാലതാമസം |
| 19 | 1-19 | സംരക്ഷണഗ്രാന്റ് മുൻകൂറായി പിൻവലിച്ചതും മറ്റ് അപാകങ്ങളും-16924രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 20 | 1-20 | തെരുവ് വിളക്ക് പരിപാലനം എ എം സി-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 21 | 1-21 | കേരള ജല അതോറിറ്റിക്ക് കുടിശ്ശിക ഒടുക്കിയത്- |
| 22 | 1-22 | തെരുവ് വിളക്ക് വാങ്ങൽ- അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല- |

| | | |
|---|---|---|
| | | ചെലവ് തുക 199188/- രൂപ തടസപ്പെടുത്തുന്നു. |
| 23 | 1-23 | മുറിയാത്തോട് കമ്മ്യൂണിറ്റി ഹാളിലേക്കാവശ്യമായ ഫർണ്ണിച്ചർ വാങ്ങൽ-ടെണ്ടർ നടപടിക്രമം – അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - 137830/- രൂപ തടസപ്പെടുത്തുന്നു |
| 24 | 1-24 | എസ്.എസ്.എ വിഹിതം- തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. |
| 25 | 1-25 | സാക്ഷരത – പദ്ധതി പണം പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന ഇനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. |
| 26 | 1-26 | മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകി-85760/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 27 | 1-27 | റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം വിനിയോഗിച്ചില്ല. |
| 28 | 1-28 | ക്ഷീരകർഷകർക്ക് പാലുല്പാദന സബ്സിഡി-പ്രോജക്ട് തയ്യാറാക്കിയതിലെ അപാകം |
| 29 | 1-29 | ടാർ ബാരൽ വില അതാത് ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടില്ല |
| 30 | 1-30 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല |
| 31 | 1-31 | കുഞ്ഞിമതിലകം പടിഞ്ഞാറേചാൽ കോളനി റോഡ് ടാറിംഗ്-അപാകങ്ങൾ-40740രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. |
| 32 | 1-32 | കുത്താട്ട് പുളിയോട്ട് നടപ്പാത നിർമ്മാണം-പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകങ്ങൾ - 124275രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 33 | 1-33 | വിവിധ അംഗനവാടികളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ-അപാകങ്ങൾ- 6575-രൂപ ചെലവു നഷ്ടം,7065/-രൂപ വരവു നഷ്ടം |
| 34 | 1-34 | കാവുങ്കൽ റെയിൽവേ കോളനി റോഡ് ടാറിംഗ്-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - 297685 രൂപ തടസത്തിൽ വെക്കുന്നു |
| 35 | 1-35 | കൃഷിഭവൻ കെട്ടിടത്തിന് അനുബന്ധ സൗകര്യം ഒരുക്കൽ-പൊളിച്ചു മാറ്റിയ സാധനങ്ങളുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 36 | 1-36 | മാർക്കറ്റ് നിരക്കിൽ ഡാറ്റ തയ്യാറാക്കിയ ഇനങ്ങൾക്ക് കോസ്റ്റ് ഇന്റക്സ് നല്കിയതും മറ്റ് അപാകങ്ങളും- 14994 രൂപ നിരാകരിക്കുന്നു |
| ഭാഗം2 വ്യക്തമായ വരവു നഷ്ടം പരാമർശിക്കുന്ന ഖണ്ഡികകൾ-ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല | | |
| ഭാഗം 3 വ്യക്തമായ ചെലവു നഷ്ടം പരാമർശിക്കുന്ന ഖണ്ഡികകൾ -സർച്ചാർജ്ജ് ചെയ്യാവുന്നവ | | |

| | | |
|---|---|---|
| ഇല്ല | | |
| ഭാഗം 4 ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 38 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 41 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 42 | 4-6 | സ്ഥിര നിക്ഷേപം |
| 43 | 4-7 | ഓഡിറ്റ് റിക്കവറി |
| 44 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 45 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 46 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധ പത്രികകൾ | | |
| 48 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 49 | അനുബന്ധം-2-1 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 50 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 51 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 20.03.18 തീയതിയിലെ 31/2018 തീരുമാനപ്രകാരം അംഗീകരിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6,22,000 |
| വരവ് | 5,95,47,700 |
| ആകെ | 6,01,69,700(*) |
| ചെലവ് | 5,93,13,700 |
| നീക്കിയിരിപ്പ് | 8,56,000 |

(*)മിനട്സിൽ മുന്നിരിപ്പുൾപ്പെടെയുള്ള ആകെ വരവ് 9,01,69,700/- രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയത്.

ബജറ്റ് 21.01.19 ലെ 1/19(2) തീരുമാന പ്രകാരം പുതുക്കിയതായി ഭരണ സമിതി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 01.01.19 ലെ 8/19 തീരുമാനത്തിൽ താഴെ പറയുന്ന ഇനങ്ങളിൽ ഭേദഗതി വരുത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സേവന വിരാമ ആനുകൂല്യങ്ങൾ ₹6,50,000

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ₹1,50,000

സൻസദ് ആദർശ് യോജന ₹20,00,000

എന്നാൽ ഏതു രീതിയിലാണ് ഭേദഗതി നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമല്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.19 | 24.05.19 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80,41,502.47 |
| വരവ് | 3,89,83,416 |
| ആകെ | 4,70,24,918.47 |
| ചെലവ് | 3,93,01,180 |
| നീക്കിയിരിപ്പ് | 77,23,738.47 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 88,95,240 | 88,95,240 | 79,64,766 | 9,30,474 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 32,78,000 | 32,78,000 | 32,11,854 | 66,146 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1,24,000 | 1,24,000 | 0 | 1,24,000 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്ഗ്രാന്റ്, റോഡ് (ACR പ്രകാരം) | | 0 | 31,16,000 | 31,16,000 | 31,16,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 27,80,000 | 27,80,000 | 27,80,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 41,55,000 | 41,55,000 | 41,55,000 | 0 |
| സാക്ഷരത | | 1319 | 0 | 1319 | 0 | 1319 |
| ദുരിതാശ്വാസനിധി | | 40864 | 20232 | 61096 | 11350 | 49746 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 82,17,375 | 82,17,375 | 82,17,375 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 268 | 210201 | 210469 | 204647 (473557-യഥാർത്ഥ ചെലവ്) | 5822 |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | | 524506 | 465125 | 989631 | 223649 | 765982 |
| ടിഎസ് സി | | 88602 | 2500 | 91102 | 0 | 91102 |
| ശുചിത്വ മിഷൻ | | 230544 | 390080 | 620624 | 346260 | 274364 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | 210850 | 600000 | 810850 | 600000 | 210850 |
| എസ് എസ് എ | | 25651 | 0 | 25651 | 0 | 25651 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 54360 | 54360 | 54360 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 120000 | 120000 | 120000 | 0 |
| ഉൽപ്പാദന ബോണസ് | | 0 | 388436 | 388436 | 388436 | 0 |
| മറ്റ് സംസ്ഥാന സർക്കാർ ഫണ്ടുകൾ | | 0 | 10000 | 10000 | 0 | 10000 |
| ഐസിഡിപി-മൃഗസംരക്ഷണ | | 3,00,000 | 1,77,096(#) | 4,77,096 | 2,84,668 | 1,92,428(#) |

| | | | | | | |
|---|---|---|---|---|---|---|
| വകുപ്പ് | | | | | | |
| എം എൻ ആർ ഇ ജി എസ് - 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള ഉത്സവബത്ത | | 0 | 1000 | 1000 | 1000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 4,58,599 | 21,79,400 | 26,37,999 | 15,70,388 | 10,67,611 |
| | ജില്ലാ പഞ്ചായത്ത് | 14,44,000 | 19,97,708 | 3441708 | 1818683 | 1623025 |

(1)ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതിച്ചെലവുകൾക്കുള്ള എ സി ആർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ കൃത്യമായ വരവു ചെലവു കണക്കുകൾ ലഭ്യമല്ല.

(2)തനതു ഫണ്ട് അക്കൗണ്ടുകളിൽ വിവിധ കാലയളവുകളിൽ മറ്റു ഏജൻസികളിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ഉൾപ്പെടുന്നുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല

(3)കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും മറ്റ് ഏജൻസികളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിൽ നിന്നു ലഭ്യമായ വിവരങ്ങളാണ് ഉൾപ്പെടുത്തിയത് .
(4)സംരക്ഷണ ഗ്രാന്റ് റോഡിതരം ഉപയോഗപ്പെടുത്തി തയ്യാറാക്കിയ ജി ഒ പ്രോജക്ട് പ്രകാരമുള്ള തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല
(5)ഉൽപ്പാദന ബോണസ് ഇനത്തിൽ രേഖപ്പെടുത്തിയ തുക കൃഷി ഓഫീസറുടെ ചെലവു രേഖകൾ പ്രകാരമുള്ളതാണ്. വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 113 | 4,97,01,953 | 86 | 2,83,28,656 | 23 | 27 | 63 | 55 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

--

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 1,26,81,642 | 40,93,042 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 10,40,000 | 4,17,470 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3,46,000 | 3,46,000 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 2 | 2 | 37,820 | 37,820 |
| വി ഇ ഒ | 9 | 7 | 78,22,500 | 53,70,327 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 3 | 3 | 8,80,000 | 5,92,133 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 1 | 1 | 7,00,000 | 7,00,000 |
| ഹെഡ്മാസ്റ്റർ | 7 | 7 | 12,45,000 | 11,44,589 |
| ഐസിഡിഎസ് സൂപ്പർവൈസർ | 3 | 2 | 25,94,356 | 23,64,356 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 8,04,000 | 6,29,850 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 52 | 36 | 1,70,77,201 | 97,41,071 |
| സെക്രട്ടറി | 25 | 18 | 44,73,434 | 28,91,998 |
| | 113 | 86 | 4,97,01,953 | 2,83,28,656 |

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ്

(എ) ആസൂത്രണസമിതി- ആസൂത്രണ സമിതി യോഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം മിനുട്സ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ജനറൽ മിനുട്സിലാണ് ആസൂത്രണ സമിതി യോഗങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തുന്നത്.2018-19 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി യോഗം ചേർന്നതായി കാണുന്നില്ല. ആസൂത്രണ സമിതി നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്കും തീരുമാനങ്ങൾ കൃത്യമായി മിനുട്സ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ

2018-19 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പുകൾ മൂന്നു തവണ വീതം ചേർന്നിട്ടുണ്ട്. പ്രധാനമായും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.പദ്ധതി മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമായ മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നില്ലെന്നാണ് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നത്. പദ്ധതി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായതിനാൽ മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ

നിക്ഷിപ്തമായി ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അംഗണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. സ്റ്റാൻഡിംഗ് കമ്മറ്റികളിലും പ്രധാനപ്പെട്ട അജണ്ടയായി ഉൾപ്പെടുത്തുന്നത് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ്.

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.
പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത സൈക്കിൾ വിതരണത്തിനായുള്ള പദ്ധതി തയ്യാറാക്കി നടപ്പാക്കിയത് വർക്കിംഗ് ഗ്രൂപ്പുകളുടെയും വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭാഗത്തു നിന്നുണ്ടായ അപാകമാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്, മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 82,17,375 | 82,17,375 | 82,17,375 | 0 |
| ഭരണചെലവുകൾ | 268 | 479111(*) | 479379 | 473557(*) | 5822 |

(*)തനതു ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ച തുക ഉൾപ്പെടെയാണ് ഇവിടെ ചേർത്തത്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം(*) |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 12714000 | 1009 |
| കർഷകതൊഴിലാളി പെൻഷൻ | 5201600 | 398 |
| വിധവാപെൻഷൻ | 7388600 | 592 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 780600 | 67 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2789500 | 229 |

(*) ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,334രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

# 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേർന്നിട്ടുണ്ട്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്ന മുറക്ക് ക്ലെയിം സസ്പെൻഡ് ചെയ്യപ്പെടാത്തത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വന്ന പിഴവാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളുടെ കാര്യത്തിലെങ്കിലും, ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതായിരുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2020 | 12/2019 | 21.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.02.2011 മുതൽ 03.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 11.04.2011 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1)സഞ്ചയ സോഫ്റ്റ്‌വെയറിൽ തൻവർഷത്തേക്ക് ക്രമീകരിച്ചിരിക്കുന്ന ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2)ലേലമിനത്തിലെ ഡെപ്പോസിറ്റ് ബാലൻസ് ബി 7 ഷെഡ്യൂൾ പ്രകാരം 5000രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ആയത് 8000 രൂപയാണ്.

3) ടെണ്ടർ ഫോറം രജിസ്റ്റർ പ്രകാരം തൻവർഷത്തെ വരവ് 63398രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 69038 രൂപയാണ് വരവ്.

4)സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ് 3119114രൂപയാണ്. എന്നാൽ എ സി ആർ പ്രകാരം ചെലവ് 3140000രൂപ. 20886രൂപയുടെ വ്യത്യാസമുണ്ട്

5)ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് ഐ-6,ഐ-14(എ) ഷെഡ്യൂളുകളിൽ വ്യത്യസ്ത തുകയാണ് വന്നിട്ടുള്ളത്

6)സംസ്ഥാനസർക്കാർ വിഹിതമായി ,മൃഗസംരക്ഷണ വകുപ്പിൽ നിന്നും 2017-18 ൽ ലഭിച്ച 300000 രൂപ 2017-18ൽ വിനിയോഗിച്ചിരുന്നില്ല(ബി 4 ഷെഡ്യൂൾ 2017-18).2018-19 ൽ ഐ സി ഡി പി സബ്സെന്റർ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത തുകയിൽ നിന്നും 2,84,668രൂപ ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരിപ്പ് 15332രൂപ. എന്നാൽ 2018-19 ലെ ബി 4 ഷെഡ്യൂളിൽ കണക്കിനത്തിൽ 1.92ലക്ഷം രൂപ നീക്കിയിരപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അധികം വന്ന തുകയായ 177096 രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല കണക്കിനം ശരിയാക്കേണ്ടതും സംസ്ഥാന സർക്കാർ വിഹിതത്തിൽ നീക്കിയിരിപ്പുള്ള തുക തിരിച്ചടക്കേണ്ടതുമാണ്.

7)മംഗലശ്ശേരി ശ്മശാനം നിർമ്മാണത്തിനായി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2017-18 സാമ്പത്തിക വർഷം ലഭ്യമായ 2ലക്ഷം രൂപ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്താതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് പദ്ധതി പൂർത്തിയാക്കിയത്. ബ്ലോക്ക് വിഹിതം ഇപ്പോഴും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നീക്കിയിരിപ്പായി തുടരുന്നു.

8)ദുരിതാശ്വാസനിധി വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും യഥാർത്ഥ കണക്കുകളും പൊരുത്തപ്പെടുന്നില്ല

9)388436രൂപ ഉല്പാദന ബോണസ് നല്കിയതായി കൃഷി ഓഫീസറുടെ ചെലവു രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ തളിപ്പറമ്പ സബ്ട്രഷറിയിലെ ടി എസ് ബി അക്കൗണ്ട് നമ്പർ 799011400001229 ൽ നിന്നും 29.02.19 ന് നല്കിയ 116193 രൂപയിൽ 86777രൂപ നെൽക്കൃഷി വികസന പദ്ധതിക്കും ബാക്കി വരുന്ന 29416 രൂപ ഉല്പാദന ബോണസ് ഇനത്തിലും ഉള്ളതാണ്. കൂടാതെ 22.01.19 ന് നല്കിയ 359020 രൂപയും ഉല്പാദന ബോണസ് ഇനത്തിലുള്ളതാണെന്നാണ് കൃഷി ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചത്. ആകെ 29416+359020 =388436രൂപ. പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.തുകയുടെ കൃത്യത അനുബന്ധ ഫയലുകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നല്കേണ്ടതുമാണ്.

# 1-12 വസ്തു നികുതി അപാകതകൾ

a) കെട്ടിടം പൂർത്തിയാക്കിയ തീയതി മുതൽ വസ്തു നികുതി ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയോ പുതുക്കിപണിയുകയോ കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം കെട്ടിടമുടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും 11-ാം ചട്ടപ്രകാരമുള്ള വസ്തുനികുതി റിട്ടേണം നൽകേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വസ്തുനികുതി നൽകാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന സംഗതികളിൽ ഇപ്രകാരം ചെയ്തതായി സഞ്ചയ അപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിട്ടില്ല.

| വാർഡ് / കെട്ടിടനം | പേര് | വിസ്തീർണ്ണം (ച.മീ) | പൂർത്തിയാക്കിയ തിയ്യതി | 18-19മുതൽ ഈടാക്കിയ വാർഷിക വസ്തുനികുതി | റിമാർക്സ് |
|---|---|---|---|---|---|
| V/276 c | അബ്ദുൾ ഹക്കിം , അരിയിൽ | 139 | 10-10-2017 | 702(5% ലൈബ്രറി സെസ്സ് ഉൾപ്പടെ) | 2017-18 രണ്ടാം അർദ്ധ വർഷം മുതൽ ഈടാക്കണം |
| Viii/288 c | കക്കാടി നാരായണൻ ,പറപ്പൂൽ | 209 | 3-3-2017 | 878(5% ലൈബ്രറി സെസ്സ് ഉൾപ്പടെ) | 2017-18 ഒന്നാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| | | | | | മുതൽ ഈടാക്കണം |

കുടിശ്ശികയായ വസ്തു നികുതി (351+878=₹1229) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.32/19.03.2020-ന് മറുപടി നൽകിയിട്ടില്ല)

b) അനധികൃത കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തത്

അനധികൃത കെട്ടിടങ്ങളുടെ നികുതി വരവ് രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അനധികൃത കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ | പേര് | വിസ്തീർണ്ണം(ച.മീ) |
|---|---|---|
| I /180B(UA) | പറയത്തിൽ കല്ല്യാണി,മുതുകട | 35 |
| XII /232A(UA) | നല്ലരിയൻ പാഞ്ചാലി,പട്ടുവം | 28 |

കെട്ടിടങ്ങളുടെ വിസ്തീർണ്ണം 60ച മീറ്ററിൽ താഴെയാണെങ്കിലും അനധികൃത നിർമ്മാണമാകയാൽ നികുതിയിളവ് ബാധകമാക്കാവുന്നതല്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/19.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
c)സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ ഭാഗമായി പൂർത്തിയാക്കുന്ന വീടുകളുടെ വിവരങ്ങൾ യഥാസമയം സഞ്ചയ അപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-13 എഫ്.ടി.ഇ & ഒ എസ്. ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ കാലതാമസം വരുത്തിയത്

GO(P)NO.80/2017/LSGD തീയതി 31-10-2017 പ്രകാരം നിലവിലുള്ള എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട് (മേൽ സർക്കാർ ഉത്തരവ് പട്ടിക II കാണുക).
എന്നാൽ പട്ടുവം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പുതിയ രീതിയിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നിരക്കുകൾ നിശ്ചയിച്ചു കൊണ്ടുള്ള ഭരണസമിതിയുടെ തീരുമാനം 17-01-2020 ൽ മാത്രമാണ് എടുത്തത്(തീരുമാനം നം.9/20). സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ കാലതാമസം വരുത്തിയത് ശരിയായ നടപടിക്രമമല്ല.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത്

ഗ്രാമപഞ്ചായത്ത് പരിധിയിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ ഏതൊരു തൊഴിലിലും ഏർപ്പെട്ട് വരുമാനം ഉണ്ടാക്കുന്നവർ തൊഴിൽ നികുതി പരിധിയിൽ വരുന്നതാണ്

. എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/16.03.2020 ന് മറുപടിയായി ഓഡിറ്റ് വർഷം ഡിമാന്റ് നോട്ടീസ് നല്കാൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാർ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥമാകുന്ന വരുമാന പരിധിയിൽ വരുന്നവരാണെങ്കിൽ കുടിശ്ശിക ഈടാക്കേണ്ടതാണ്.

അതുപോലെ ജനപ്രതിനിധികളല്ലാത്ത ഓണറേറിയം ജീവനക്കാരെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി സർക്കാർ നിർദ്ദേശം വരാത്ത സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർക്ക് ഡിമാന്റ് നോട്ടീസ് നല്കാത്തതും അപാകമാണ്.

# 1-15 അപായകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റിയതിന് തുക ചെലവഴിച്ചത് -തുക തിരികെ ഈടാക്കിയില്ല-5000രൂപയുടെ ചെലവ് നഷ്ടം

സ്വകാര്യവ്യക്തിയുടെ ഭൂമിയിലുള്ള ആപത്കരമായ വൃക്ഷം മുറിച്ച് മാറ്റുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 21800295 | 21-08-2018 | 5000 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 238 ൽ അപായകരമായ വൃക്ഷങ്ങളിൽ നിന്നുമുള്ള അപകടം ഒഴിവാക്കുന്നതിനായി മരം മുറിച്ചു മാറ്റുകയോ യുക്തമെന്ന് തോന്നുന്ന മറ്റ് താത്കാലിക നടപടികൾ സ്വീകരിക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അങ്ങനെ ചെയ്യുന്നതിനുള്ള ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുന്ന പക്ഷം ഭൂമിയിൻമേലുള്ള പൊതുനികുതി കുടിശ്ശിക എന്നപോലെ തുക ആ വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്നും പ്രസ്തുത വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ രീതിയിൽ ഉടമസ്ഥനിൽ നിന്നും തുക ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. 5000/- രൂപ ഉടമസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/16.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-16 ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭ്യമാകാത്തത്

ഗ്രാമപഞ്ചായത്ത് ഇ ടെണ്ടർ മുഖാന്തിരം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെണ്ടർ ഫീസ് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. നാളിതു വരെയായി ഈയിനത്തിൽ ലഭ്യമാകാനുള്ള തുകയുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/12.03.2020) മറുപടിയായി താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| | | |

| വർഷം | ടെണ്ടർ ഫീസ് | ജിഎസ് ടി/വാറ്റ് |
|---|---|---|
| 2015-16 | 20000 | 1000 |
| 2016-17 | 89640 | 4480 |
| 2017-18 | 7500 | 920 |
| 2018-19 | 15584 | 1872 |
| | ₹1,32,724 | ₹8,272 |

തുക തിരികെ ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ടെണ്ടർ ഫീസിനൊപ്പം ഒടുക്കുന്ന ജി എസ് ടി പ്രസ്തുത കണക്കിനത്തിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-17 ക്ഷേമപെൻഷൻ വിതരണം- ക്ലെയിം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച്ച

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷനർ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| തുണ്ടിവളപ്പിൽ കല്ല്യാണി | 721979165159 | 111080201008 | 16.12.18 | 7/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . (സ്റ്റാറ്റസ് ആക്ടീവ്) |
| ഇടപ്പച്ചാൽ കല്ല്യാണി | 983333208472 | 111080200078 | 16.11.18 | 7/19 വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . (സ്റ്റാറ്റസ് ആക്ടീവ്) |
| പുല്ലായ്ക്കൊടി വീട്ടിൽ പാർവ്വതിയമ്മ | 948316554350 | 111080201107 | 09.01.19 | 4/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| കല്ല്യാണി നിച്ച | 935207881722 | 11180200524 | 06.02.19 | 7/19 വരെ |

| | | | | |
|---|---|---|---|---|
| | | | | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . (സ്റ്റാറ്റസ് ആക്ടീവ്) |
| കെ പി അയമ്മദ് (മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവ്) | 850638423148 | 109340400329 | 15.02.18 | 7/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു . (സ്റ്റാറ്റസ്- ആക്ടീവ്) |
| പൗളിന.ജി (തളിപ്പറമ്പ നഗരസഭയിലെ പെൻഷൻ ഗുണഭോക്താവ്) | 741285189343 | 102180100082 | 10.04.18 | 4/19വരെബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| അബ്ദുള്ള എൻ കെ | 933157138082 | 111080200229 | 09.08.18 | 11/18വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| അബൂബക്കർ പി | 595686916666 | 11180200631 | 02.08.18 | 4/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| കദീജ കെ പി | 457044294676 | 111080200114 | 15.08.18 | 4/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| സുവർണ്ണിനി അമ്മ കെ ആർ | 513346689726 | 111080100236 | 01.09.18 | 7/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| എം പി പാത്തുമ്മ | 601406957187 | 111080100166 | 12.09.18 | 7/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| | | | | |

| | | | | |
|---|---|---|---|---|
| കുഞ്ഞാതി പി പി | 831158610943 | 111080400003 | 30.10.18 | 4/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| | | | | |
| വാര്യമ്പത്ത് ഗണേശൻ | 309702356227 | 111080400221 | 11.11.18 | 4/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| പി വി ശാന്ത | 829392951379 | 111080201198 | 02.11.18 | 7/19വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കുകയോ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരുന്നത് ഗുരുതരമായ അപാകമാണ്.

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതിൽ ഓഡിറ്റ് വർഷത്തെ കേസുകൾ മാത്രം പരിശോധിച്ചപ്പോഴാണ് ഇത്രയും അപാകങ്ങൾ കണ്ടെത്തിയത്. മുൻകാലങ്ങളിലേതുൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച്, ബാങ്കുകളുടെ സഹായത്തോടെ അനർഹമായി കൈപ്പറ്റിയ തുക തിരിച്ചു പിടിച്ച് സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 സോളാർ പാനൽ സ്ഥാപിക്കൽ -തുടർ നടപടികൾ സ്വീകരിക്കാൻ കാലതാമസം

2017-18 വർഷം സൗര എനർജി സൊല്യൂഷൻസ്, കൊരട്ടി, തൃശ്ശൂർ എന്ന സ്ഥാപനം മുഖേന

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ 15KVA ഗ്രിഡ് കണക്റ്റഡ് സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. ആകെ ചെലവ് ₹9,45,000 . ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ2-310/16തി 28.2.2016 നടപടിക്രമങ്ങൾ പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് അനർട്ട് ജില്ലാ എഞ്ചിനീയർ സോളാർ പാനൽ പരിശോധിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. (നം.22/ANERT/ കെ.എൻ.ആർ/എസ്.പി.വി(ജനറൽ)/2018തി1.4.2018). പ്രസ്തുത റിപ്പോർട്ട് പ്രകാരം സൗര എനർജി സൊല്യൂഷൻസ് സ്ഥാപിച്ച സോളാർ പാനലിൽ അപാകതകളുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സോളാർ പാനലുകളിൽ വിള്ളലുകളും കണ്ടെത്തിയിരുന്നു. എന്നാൽ നാളിതുവരെയും സ്ഥാപനം പാനലുകൾ മാറ്റി സ്ഥാപിച്ചിട്ടില്ല. നിശ്ചിത ഔട്ട്പുട്ട് ലഭ്യമാകാത്ത സാഹചര്യവും ഉണ്ട്. (2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 കൂടി കാണുക)

പ്രസ്തുത പദ്ധതിക്കായി 2017-18 ൽ പിൻവലിച്ച 9,45,000 രൂപയിൽ 6,61,500 രൂപ സ്ഥാപനത്തിന് നൽകുകയും ബാക്കി 2,83,500 രൂപ പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം നല്കുന്നതിനായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലേക്ക് (അക്കൌണ്ട് നമ്പർ 719031400000002) മാറ്റുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത അപാകങ്ങളുണ്ട്

1. പദ്ധതിക്ക് നിശ്ചിത ഔട്ട്പുട്ട് ലഭ്യമാകുന്നില്ല.

2.മുൻവർഷം പിൻവലിച്ച 283500 രൂപ നാളിതു വരെയും വിനിയോഗിച്ചിട്ടില്ല. ലോകബാങ്ക് ധനസഹായം പിൻവലിച്ച് രണ്ടു വർഷത്തോളമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്താതെ മുഴുവൻ തുകയും ചെലവായതായാണ് 2017-18 ലെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയത്. ആസ്തി സൃഷ്ടിക്കപ്പെട്ടതായി പ്രസ്തുത അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുമില്ല.

3.അനെർട്ട് ജില്ല എഞ്ചിനീയറുടെ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിക്കാത്തതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് എതിരെ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമായി രണ്ടു വർഷത്തോളം യാതൊരു നടപടിയും സ്വീകരിക്കാത്തതിനാൽ ഗ്രിഡ് കണക്റ്റഡ് ആയ സോളാർ പാനലിൽ നിന്നും ലഭ്യമാകേണ്ടുന്ന വരുമാനത്തിൽ (കെ എസ് ഇ ബി യിൽ നിന്നും) കുറവു വരാനിടയായിട്ടുണ്ട്.

കെ എസ് ഇ ബി യിൽ നിന്നും നാളിതുവരെയായി ഈയിനത്തിൽ എത്ര തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്, വൈദ്യുതി ചാർജ്ജിനത്തിൽ എത്ര തുക കുറവു വരുന്നുണ്ട് തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല.

4.ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിച്ചതു മൂലം കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 01.04.18 ന് പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടും അപാകങ്ങൾ പരിഹരിക്കുന്നതിനായി സ്ഥാപനത്തിന് കത്തു നല്കിയത് 2.03.2020 തീയതിയിൽ മാത്രമാണ്. ആയതിന് മറുപടിയായി നിലവിൽ കോവിഡ് 19 രോഗബാധയുടെ പശ്ചാത്തലത്തിൽ സാധനങ്ങൾ ഇറക്കുമതി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണെന്നും സാധനങ്ങൾ ലഭ്യമാകുന്ന മുറക്ക് മാറ്റി സ്ഥാപിക്കുന്നതാണെന്നും സ്ഥാപനം അറിയിച്ചിട്ടുണ്ട്. വാറണ്ടി കാലയളവിനെ ഉൾപ്പെടെ ബാധിക്കുന്ന വിഷയമെന്ന നിലയിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ

ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയാണ്. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/19.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

മേൽ കാരണങ്ങളാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

# 1-19 സംരക്ഷണഗ്രാന്റ് മുൻകൂറായി പിൻവലിച്ചതും മറ്റ് അപാകങ്ങളും-16924/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 46/19- ഘടകസ്ഥാപനങ്ങളുടെ വൈദ്യുതി, ടെലിഫോൺ, വെള്ളക്കരം എന്നിവ അടക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,61,280 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | ₹1,50,000 (ബിൽ നം 08/2018-19 തീയതി23-06-2018 |

സ.ഉ(കൈ) നം 22/2018 തസ്വഭവ തീയതി 14-02-2018 പതിമൂന്നാം പഞ്ചവത്സരപദ്ധതി സബ്സിഡി ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 8.8 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഒരു വർഷത്തേക്ക് ആവശ്യമായ കണ്ടിജൻസി ചെലവുകളായ കറന്റ്ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ആവശ്യകത പട്ടിക തയ്യാറാക്കാൻ നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം സെക്രട്ടറി ഒരു നടപടിക്രമ ഉത്തരവിലൂടെ തുക അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവിധ ഘടകസ്ഥാപനങ്ങളുടെ വൈദ്യുതി, ടെലിഫോൺ, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനായി താഴെ പറയും പ്രകാരം ബന്ധപ്പെട്ട ഘടകസ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് തുക കൈമാറി നല്കിയിട്ടുണ്ട്.

| ഘടകസ്ഥാപനം | അക്കൗണ്ട് നം | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പി എച്ച് സി പട്ടുവം | 719031400000178 | 50000 | 45029 | 4971 |
| കൃഷി ഭവൻ | 719031400000072 | 30000 | 27338 | 2662 |
| ആയുർവേദാശുപത്രി | 719031400000180 | 20000 | 20000 | 0 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 719031400002409 | 20000 | 20000 | 0 |
| വെറ്ററിനറി സർജൻ | 719031400000181 | 30000 | 20709 | 9291 |
| ആകെ | | 150000 | 133076 | 16924 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ തുക മുഴുവനായും വിനിയോഗിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച ഇനങ്ങൾക്ക് മാത്രമായാണ് തുക ചെലവഴിക്കുന്നതെന്ന്

ഉറപ്പ് വരുത്തേണ്ടതുണ്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/10-03-2020) മറുപടിയായി പ്രസ്തുത തുക എത്രയും പെട്ടെന്ന് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമവിരുദ്ധമായി അക്കൗണ്ടിൽ സൂക്ഷിച്ച 16924 രൂപ തടസപ്പെടുത്തുന്നു. ടി തുക അടിയന്തിരമായി സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-20 തെരുവ് വിളക്ക് പരിപാലനം എ എം സി- അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 81/2019-തെരുവ് വിളക്ക് പരിപാലനം എ എം സി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹150000 |
| ചെലവ് | ₹150000<br>ബിൽ നം 16/2018-19 തീയതി 29-11-218/-₹150000 |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ശ്രീ പി പി ശങ്കരൻ നമ്പൂതിരി എന്നവർക്ക് കരാർ നൽകുകയും മേൽ കൊടുത്ത ബിൽ പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 1500 രൂപ കിഴിച്ച് ബാക്കി 148500 രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണവും തരവും നിശ്ചയിക്കുന്നതിന് കെ എസ് ഇ ബി യുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.തെരുവ് വിളക്ക് സംബന്ധിച്ച രജിസ്റ്ററുകൾ,പരാതി രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
തെരുവ് വിളക്കുകൾ എ എം സി നൽകുന്നത് ആവശ്യമായ പ്രാഥമിക രേഖകളുടെ അടിസ്ഥാനത്തിൽ ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 കേരള ജല അതോറിറ്റിക്ക് കുടിശ്ശിക ഒടുക്കിയത്-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 129/2019,കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| | |
|---|---|
| അടങ്കൽ | ₹58760 |
| ചെലവ് | ₹58760 |

2018-19 വർഷം വാട്ടർ അതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക ഇനത്തിൽ 58760/- രൂപ ഉറവിടത്തിൽ നിന്നും പിൻവലിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ചെലവ് സ്റ്റേറ്റ് മെന്റിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അനുബന്ധരേഖകൾ ലഭ്യമാക്കണമെന്നാശ്യപ്പെട്ടുകൊണ്ട് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (22/16-03-2020) മറുപടിയോടൊപ്പം ഹാജരാക്കിയ ഫയലിൽ വാട്ടർ അതോറിറ്റിയിൽ നിന്നും നിലവിൽ ഉപയോഗിക്കാത്ത ടാപ്പുകൾക്കും ഡിമാന്റ് നോട്ടീസ് നല്കുന്നുണ്ടെന്നും ആയത് അടവാക്കാത്തതിനാലാണ് കുടിശിക വരുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.
2014 ൽ നടത്തിയ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 97 ടാപ്പുകളും അതിനു ശേഷം നല്കിയ കത്തിൽ സൂചിപ്പിച്ചു പ്രകാരം പി എച്ച് സി കോമ്പൗണ്ടിലെ ഒരു ടാപ്പും കൂടി ഉൾപ്പെടുത്തി 98 എണ്ണമാണ് വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരമുള്ള ടാപ്പുകളുടെ എണ്ണം. എന്നാൽ ജപ്പാൻ കുടിവെള്ള പദ്ധതി വന്നതിനാൽ 61 ടാപ്പുകൾ ഉപയോഗിക്കുന്നില്ലെന്നും ആയവ ഡിസ്കണക്ട് ചെയ്യണമെന്നും നിരവധി തവണ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം ഗ്രാമപഞ്ചായത്ത് തുക ഒടുക്കുകയും വാട്ടർ അതോറിറ്റി മുഴുവൻ ടാപ്പുകൾക്കുമുള്ള തുക ഡിമാന്റ് ചെയ്യുകയും ചെയ്യുന്നതാണ് കുടിശിക വരാൻ കാരണം.
പ്രവർത്തനക്ഷമമായതും ഉപയോഗിക്കുന്നതുമായ വാട്ടർ ടാപ്പുകൾക്കു മാത്രം തുക ഒടുക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-22 തെരുവ് വിളക്ക് വാങ്ങൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 199188 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 12/19- തെരുവ് വിളക്ക് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹200000 |
| ചെലവ് | ₹199188 (ബിൽ നം 25/2018-19 തീയതി 12-02-2019) |

ക്രൂസിൽ നിന്നും 24 വാട്ട് എൽ ഇ ഡി തെരുവ് വിളക്ക് 26 എണ്ണവും 36 വാട്ട് എൽ ഇ ഡി തെരുവ് വിളക്ക് 30 എണ്ണവും വാങ്ങുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചത്. തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകളും ആയവ എവിടെയൊക്കെയാണ് സ്ഥാപിച്ചത് എന്നതു സംബന്ധിച്ച രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/10-03-2020) മറുപടി ലഭ്യമാക്കുകയോ

അനുബന്ധരേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ചെലവ് ചെയ്ത 1,99,188 രൂപ തടസപ്പെടുത്തുന്നു.

# 1-23 മുറിയാത്തോട് കമ്മ്യൂണിറ്റി ഹാളിലേക്കാവശ്യമായ ഫർണ്ണിച്ചർ വാങ്ങൽ- ടെണ്ടർ നടപടിക്രമം -അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല-137830/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 55/19- മുറിയാത്തോട് കമ്മ്യൂണിറ്റി ഹാളിലേക്കാവശ്യമായ ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹150000 (വികസനഫണ്ട്) |
| ചെലവ് | ₹137830<br>(ബിൽ നം 22/2018-19 തീയതി 31-12-2018-₹96330<br>ബിൽ നം 28/2018-19 തീയതി 28-02-2019-₹41500 |

മുറിയാത്തോട് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് ആവശ്യമായ മേശയും കസേരയും വാങ്ങുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 96330 രൂപ ചെലവഴിച്ച് ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും 6422 രൂപ നിരക്കിൽ 15 മേശകളും എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 41500 രൂപ ചെലവഴിച്ച് 415 രൂപ നിരക്കിൽ 100 കസേരകളും വാങ്ങിച്ചിട്ടുണ്ട്.
പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. 18 ഗേജുള്ള മേശക്ക് 4240/- രൂപ ക്വാട്ട് ചെയ്ത സഫാരി ട്രേഡിംഗ് കമ്പനി ഒഴിവാക്കി അതിലും കൂടുതൽ തുക ക്വോട്ട് ചെയ്ത (6422രൂപ) ഫിഡ്കോവിൽ നിന്നും അതേ ഗേജിലുള്ള മേശ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

2.ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റി ചർച്ച ചെയ്തതിന്റെ വിവരം പരിശോധിക്കുന്നതിനായി ആയതിന്റെ മിനട്സ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല
3.പദ്ധതി അവലോകനം ചെയ്ത് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി രേഖകളില്ല

പ്രസ്തുത രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 137830 രൂപ തടസപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/10.03.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

# 1-24 എസ്.എസ്.എ വിഹിതം തുകയുടെ പൂർണ്ണ

വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 08/19-എസ്.എസ്.എ വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | ₹800000/- രൂപ-വികസനഫണ്ട് |
| ചെലവ് | ₹800000 (1/2018-19 തീയതി 19-05-2018) |

2018-19 വർഷത്തിൽ എസ്.എസ്.എ പദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 800000 രൂപ അടവാക്കിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമുണ്ട്.
പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.11/2018/ത.സ്വ.ഭ.വ തി.29.1.2018 ) ഖണ്ഡിക 7-6(3) പ്രകാരം എസ്.എസ്.എ പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ പ്രധാനപങ്ക് വഹിച്ചിട്ടുണ്ടെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ ഉദ്ദേശിച്ച വിധത്തിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പ് വരുത്തിയതായും രേഖകളില്ല .ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 സാക്ഷരത – പദ്ധതി പണം -പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന ഇനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 34/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | ₹50000/- രൂപ-വികസനഫണ്ട് |
| ചെലവ് | ₹48133 രൂപ.<br>(ബിൽ നം 7/2018-19 തീയതി<br>22-01-2019) |

ഗ്രാമപഞ്ചായത്തിലെ സാക്ഷരത പ്രവർത്തനങ്ങൾക്കു വേണ്ടി എഴാം ക്ലാസ് പാഠപുസ്തകം, സ്റ്റേഷനറി, യാത്രപ്പടി, വണ്ടി വാടക, ലഘുഭക്ഷണം എന്നിവയ്ക്ക് വേണ്ടി ആകെ 48133/- രൂപ സാക്ഷരത പ്രേരക് ശ്രീമതി.പി കെ സുജാത എന്നവരുടെ അക്കൗണ്ടിലേക്ക് മാറി നല്കിയിട്ടുണ്ട്.
പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.) നം.11/2018/ത.സ്വ.ഭ.വ തി.29.1.2018 ) ഖണ്ഡിക 7-6(13)

പ്രകാരം സാക്ഷരത മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരത മിഷന് അടക്കേണ്ടതായ ഫീസ് നല്കുക എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ യാത്രപ്പടി, വണ്ടി വാടക, ലഘുഭക്ഷണം എന്നിവയ്ക്കു വേണ്ടിയും പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/10.03.2020) മറുപടിയായി സാക്ഷരത മിഷനിൽ നിന്നും ധനസഹായമൊന്നും ലഭിച്ചിട്ടില്ലെന്നും ആയതിനാലാണ് ഇപ്രകാരം ചെലവ് ചെയ്യേണ്ടി വന്നതെന്നും അറിയിച്ചിട്ടുണ്ട്. സാക്ഷരത മിഷനിൽ നിന്നും പ്രസ്തുത ഇനങ്ങൾക്കായി 2018-19 വർഷത്തേക്ക് തുക ലഭിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും തുടർ വർഷങ്ങളിൽ പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ്.

# 1-26 മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകി-85760/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 35/2019-പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | ₹100000/- രൂപ-വികസനഫണ്ട് |
| ചെലവ് | ₹85760<br>(ബിൽ നമ്പർ 4/2018-19 തീയതി 10-12-2018 |

ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമുള്ള 8 മുതൽ 10 വരെ ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം.ആയത് പ്രകാരം സഫാരി ട്രേഡിംഗ് കമ്പനിയിൽ നിന്നും ആൺകുട്ടികൾക്കായി 4180 രൂപ വിലയുള്ള 11 സൈക്കിളുകളും പെൺകുട്ടികൾക്കായി 4420രൂപ വിലയുള്ള 9 സൈക്കിളുകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (സ.ഉ. (കൈ) നം.22/2018/തസ്വഭവ. തീയതി.14-02-2018) പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുക എന്ന വിഷയം പരാമർശിച്ചിട്ടില്ല.

സ.ഉ(കൈ) നം22 /2018/തസ്വഭവ തീയതി 14-02-2018 സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിലെ പൊതുമാനദണ്ഡങ്ങളിലെ ഖണ്ഡിക 2.2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനം നടപ്പാക്കുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/10.03.2020) നല്കിയ മറുപടിയിൽ പട്ടുവം ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയ്ക്ക് ഏറ്റവും അനുയോജ്യമായ പ്രോജക്റ്റായതിനാൽ കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുവാദം ലഭ്യമാക്കാമെന്ന് ഭരണസമിതി അറിയിച്ചിട്ടുണ്ടെന്നാണ് പരാമർശിച്ചിട്ടുള്ളത്. മുൻകൂർ അനുമതി വാങ്ങിയാണ് നടപ്പാക്കേണ്ടത് എന്നതിനാൽ മറുപടി തൃപ്തികരമല്ല.
മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത വിഷയത്തിൽ സർക്കാർ അനുമതിയില്ലാതെ പദ്ധതി തയ്യാറാക്കി ചെലവ് ചെയ്തത് ക്രമപ്രകാരമല്ല. 85,760/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

# 1-27 റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന് പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം വിനിയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 23/2019, റിംഗ് കമ്പോസ്റ്റ് (ഗാർഹികം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ | 200000 |
| ചെലവ് | 0 |

റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 വർഷം താഴെ കൊടുത്ത പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ശേഖരിച്ചിട്ടുണ്ട്.

| ക്രമനം | രശീതിനം | ഗുണഭോക്തൃവിഹിതം ഒടുക്കിയ ആളുടെ പേര് | തുക |
|---|---|---|---|
| 1 | 11273/1,08-03-19 | രതിക കെ | 1245 |
| 2 | 11273/2,08-03-19 | ജ്യോതി കെ | 1245 |
| 3 | 11273/3,08-03-19 | ലളിത | 1245 |
| 4 | 11273/4,11-03-19 | ഷിജു കെ വി | 1245 |
| 5 | 11273/5,14-03-19 | എം പി കുഞ്ഞിരാമൻ | 1245 |
| 6 | 11273/6,14-03-19 | ശോഭന കെ വി | 1245 |
| 7 | 11273/7,14-03-19 | ബാലൻ എൻ | 1245 |
| 8 | 11273/8,14-03-19 | ഗംഗാധരൻ എം | 1245 |
| 9 | 11273/9,14-03-19 | ഓമന കെ വി | 1245 |
| 10 | 11273/10,14-03-19 | ബാലൻ മഠത്തിൽ വളപ്പിൽ | 1245 |
| 11 | 11273/11,14-03-19 | വി പവിത്രൻ | 1245 |
| 12 | 11273/12,15-03-19 | മഞ്ജുള എ | 1245 |
| 13 | 11273/13,15-03-19 | സജിത | 1245 |

| | | | |
|---|---|---|---|
| 14 | 11273/14,15-03-19 | ദിവാകരൻ എ | 1245 |
| 15 | 11273/15,15-03-19 | വി വി ജാനകി | 1245 |
| ആകെ | | | ₹18675 |

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 18675 രൂപ ഗുണഭോക്തൃവിഹിതം ശേഖരിച്ചിട്ടുണ്ടെങ്കിലും പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/16.03.2020) മറുപടിയായി 15 ഗുണഭോക്താക്കൾ മാത്രമായതിനാൽ ടെണ്ടർ സ്വീകരിച്ച സ്ഥാപനം റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും 2019-20 വർഷവും പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കുകയോ തുക തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

# 1-28 ക്ഷീരകർഷകർക്ക് പാലുല്പാദന സബ്സിഡി- പ്രോജക്ട് തയ്യാറാക്കിയതിലെ അപാകം

നിർവ്വഹണ ഉദ്യോഗസ്ഥൻ ഡെയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് നമ്പർ 77/19

അടങ്കൽ ₹3,46,000(₹1,50,000-വികസന ഫണ്ട്,₹46,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹1,50,000-ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ്₹3,46,000

(₹1,50,000- ബിൽ നമ്പർ 1/18-19 23.03.19,₹46,000- ചെക്ക് നമ്പർ 1433914/26.03.19,₹1,50,000-ചെക്ക് നമ്പർ 1433915/26.03.19)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്

സഉ(കൈ)22/18 തീയതി 14.02.18 തസ്വഭവ ഉത്തരവ് ക്രമനമ്പർ 6.2(8) ൽ കർഷകർ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പ് നല്കുന്ന 1രൂപ സബ്സിഡി ഉൾപ്പെടെ നാലു രൂപ നല്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നിരിക്കെ നാലു രൂപയും ഗ്രാമപഞ്ചായത്ത് പദ്ധതി വഴി നല്കുന്നതിനായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്തത് ശരിയല്ല. പദ്ധതി തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഏപ്രിൽ മുതൽ നവംബർ വരെ മാസങ്ങളിലെ സബ്സിഡി നല്കാനും(ആനുപാതിക നിരക്കിൽ) ബ്ലോക്ക് വിഹിതം സെപ്റ്റംബർ മാസം വരെയുള്ള ആനുപാതിക സബ്സിഡി നല്കാനുമാണ് ഉപയോഗപ്പെടുത്തിയത് . ഓഡിറ്റ് വർഷം ക്ഷീരവികസന വകുപ്പിൽ നിന്നും കർഷകർക്ക് സബ്സിഡി നല്കിയിട്ടില്ല.

വർഷം മുഴുവൻ കർഷകർക്ക് അർഹമായ ആനുകൂല്യം ലഭ്യമാകുന്ന രീതിയിൽ ഫണ്ട് വകയിരുത്തുന്നത് അഭികാമ്യമായിരിക്കും. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ടാർ ബാരൽ വില അതാത് ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടില്ല

റോഡ് ടാറിംഗ് പ്രവൃത്തികളിൽ ബാരൽ വിലയിനത്തിൽ ഈടാക്കിയ തുകയും ജി എസ് ടിയും സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്. ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണോ പ്രവൃത്തി നടത്തിയത് പ്രസ്തുത കണക്കിനത്തിലാണ് ബാരൽ വില അഡ്ജസ്റ്റ് ചെയ്യേണ്ടതെന്നിരിക്കെ ഈ രീതിയിൽ തുക കൈമാറിയത് ശരിയല്ല. ബാരൽ വില അതാത് കണക്കിനങ്ങളിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്

ബാരൽ വിലയോടൊപ്പം ഒടുക്കിയ ജി എസ് ടി പ്രസ്തുത കണക്കിനത്തിലേക്ക് ഒടുക്കു വരുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-30 റോഡ് ടാറിംഗ് പ്രവൃത്തികളില് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. ഭാവിയിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-31 കുഞ്ഞിമതിലകം പടിഞ്ഞാറേചാൽ കോളനി റോഡ് ടാറിംഗ്-അപാകങ്ങൾ-40740/- രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | കരാറുകാരൻ | അടങ്കൽ | ചെലവ് | റീച്ച് |
|---|---|---|---|---|---|
| 1 | 62/19 | ശ്രീ.അജിത്ത്.ഇ.പി | 500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 485703 (ബിൽ നമ്പർ 30/18.03.19) | 0/00 മുതൽ 0/250 വരെ |
| 2 | 68/16 | ഫയൽ ലഭ്യമല്ല | 280334 | 198069 | 0/160 മുതൽ 0/400 വരെ |
| 3 | 27/17,76/18 | ശ്രീ.സുരേഷ്കുമാർ.കെ | 4,00,000 | 306934 | 0/00 മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 0/400 വരെ |
| 4 | 43/18,96/19 | ശ്രീ ബിജു ഇ പി | 400000 (എസ് സി പി ഫണ്ട്) | 399217 (ബിൽ നം. 1/24.5.18 366340/- രൂപ, 13/28.7.18 32877 രൂപ) | 0/140 മുതൽ 0/400 വരെ |

കുഞ്ഞിമതിലകം പടിഞ്ഞാറേചാൽ കോളനി റോഡിന്റെ ആകെ നീളം 400 മീറ്ററാണ്. 2015-16 മുതൽ 2018-19 വരെ വർഷങ്ങളിലായി മുകളിൽ സൂചിപ്പിച്ച പ്രകാരം വിവിധ റീച്ചുകളിൽ റോഡ് പ്രവൃത്തി നടത്തിയിട്ടുണ്ട്.

1.ആദ്യത്തെ വർഷം 0/160 മുതൽ 0/400 വരെ നീളത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടത്തിയിരുന്നത് എന്ന് വ്യക്തമല്ല

2.രണ്ടാമത്തെ വർഷം പ്രോജക്ട് നമ്പർ 27/17 ന്റെ ഭാഗമായി (സ്പിൽ ഓവർ 76/18) 315 മീറ്റർ നീളത്തിൽ (0/085 മുതൽ 0/400 വരെ) ജി എസ് ബി യും ഡബ്ല്യൂ ബി എം -സബ്ബേസ് മെറ്റലിംഗും ചെയ്തിരുന്നു.

3.മൂന്നാമത്തെ വർഷത്തെ പദ്ധതിയിൽ (43/18,സ്പിൽ ഓവർ 96/19) 0/140 മുതൽ 0/400 വരെ നീളത്തിൽ ഡബ്ല്യൂ എം എം (.075മീറ്റർ കനം) മുതലുള്ള ടാറിംഗ് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയത്. പ്രസ്തുത പ്രവൃത്തിക്കായി എസ് സി പി ഫണ്ടാണ് വകയിരുത്തിയതെങ്കിലും സോഷ്യൽ മാപ്പ് പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

4.നാലാമത്തെ വർഷത്തെ പദ്ധതിയിൽ 0/00 മുതൽ 0/140 വരെ നീളത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയപ്പോൾ മുൻവർഷങ്ങളിൽ പൂർത്തിയാക്കിയ പ്രവൃത്തികൾ ഉൾപ്പെടെ ചേർത്താണ് കോംപാക്ടിംഗ് ഒറിജിനൽ ഗ്രൗണ്ട് ,ഡബ്ല്യൂ എം എം പ്രവൃത്തികൾ ചെയ്തിരിക്കുന്നത്-0/85 മുതൽ 0/110 വരെ കോംപാക്ടിംഗ്, 0/85 മുതൽ 0/140 വരെ രണ്ടു ലെയർ ഡബ്ല്യൂ എം എം . കോംപാക്ടിംഗും ജിഎസ്ബി വർക്കും ഒരു ലെയർ സബ് ബേസ് മെറ്റലിംഗും കഴിഞ്ഞ പ്രതലത്തിൽ വീണ്ടും പ്രസ്തുത പ്രവൃത്തികൾ ചെയ്തതിന്റെ കാരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇനം നമ്പർ 1 കോംപാക്ടിംഗ് (0/085 മുതൽ 0/110 വരെ മുൻവർഷം ഫസ്റ്റ് ലെയർ മെറ്റലിംഗ് വരെ ചെയ്തത്)

25m*3.2*0.25@53.04/m3=1060.8രൂപ

ഇനം നമ്പർ 3(0/085 മുതൽ 0/140 വരെ മുൻവർഷം ഫസ്റ്റ് ലെയർ മെറ്റലിംഗ് ചെയ്തതിനാൽ .075m കനത്തിൽ ഡബ്ല്യൂ എം എം കണക്കാക്കിയത്)

55*3.2*.075@3005.97=39679രൂപ

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(28/17.03.2020) മറുപടി ലഭ്യമാക്കാത്തതിനാൽ 40740രൂപയുടെ(1060.8+39679) ചെലവ് തടസത്തിൽ വെക്കുന്നു.

## 1-32 കൂത്താട്ട് പുളിയോട്ട് നടപ്പാത നിർമ്മാണം- പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ അപാകങ്ങൾ - 124275രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 83/16,12/17,72/18,86/19,കൂത്താട്ട് പുളിയോട്ട് നടപ്പാത നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹2,50,000(വികസന ഫണ്ട് -ജനറൽ)

ചെലവ്

ബിൽ നമ്പർ 5/24.05.18 ₹1,24,275രൂപ

കരാറുകാരൻ ശ്രീ പി വി ശശികുമാർ -എസ്റ്റിമേറ്റ് നിരക്ക്

എഗ്രിമെന്റ്

AE/PTVM/25/2015-16 തീയതി 17.12.15
എംബുക്ക് നമ്പർ 25/15-16

നടപ്പാത നിർമ്മാണത്തിനായി തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

| ക്രമനമ്പർ | പ്രൈസ് കോഡ് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | ചെയ്ത അളവ് |
|---|---|---|---|
| 1 | 2.8.1പൈപ്പ് കൾവർട്ടിനായുള്ള മൺപണി (@205.51/ ഘമീ) | 3*3.75*1*0.4(പൈപ്പ്) 6*1.5*0.5*0.4(ഹെഡ് വാൾ) | ചെയ്തിട്ടില്ല |
| 2 | 19.6.5<br>450മിമീപൈപ്പ് കൾവർട്ട് സ്ഥാപിക്കൽ @921.06/മീ | 3*3.75മീ | 1*2മീ |
| 3 | 4.1.8സിമന്റ് കോൺക്രീറ്റ് 1: 4 :8<br>@5612.14/ഘമീ | RCC pipe 3*2.75*1*0.15<br>Rcc pipe head wall 6*1.5*0.5*0.15 | ചെയ്തിട്ടില്ല |

| | | | |
|---|---|---|---|
| 4 | 4.1.6സിമന്റ് കോൺക്രീറ്റ് 1: 3 :6 @6096.18/ഘമീ | Rcc pipe head wall 6*1.4*0.4*1 കുറക്കുക പൈപ്പ് 6*3.14*0.225*0.225*0.4 | ചെയ്തിട്ടില്ല |
| 5 | 4.3.2 സെന്ററിംഗ് & ഷട്ടറിംഗ് @470.77/ഘമീ | Rcc pipe head wall 6*3.6*1 കുറക്കുക പൈപ്പ് 12*3.14*0.23*0.23 | ചെയ്തിട്ടില്ല |
| 6 | 50.2.26.1മണ്ണ് നിറ ക്കൽ@263.47/ഘമീ | 150*2*0.8-ഇനം നമ്പർ 1 ലെ അളവ് (5.1) =234.9ഘ മീ | 0.9 മീറ്റർ കനത്തിൽ ,വീതി 1.2 മുതൽ 1.5 മീറ്റർ വരെ, നീളം 87.7 മീറ്റർ ആകെ 83.653ഘമീ |
| 7 | 16.11ഡ്രൈ സ്റ്റോൺ പിച്ചിംഗ് 22.5സെ മീ thick including supply of stones and preparing surface complete@551.67/m3 | 2*150*0.8 | 94.5മീറ്റർ രണ്ടുവശത്തും+ 13.2 മീറ്റർ വലതു വശത്ത് ഉയരം 0.9 മീറ്റർ ആകെ 181.98 ച.മീ |
| | ആകെ തുക | ₹2,48,442 | ₹1,24,275 |

പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

1.17.12.2015 ന് ആരംഭിച്ച പ്രവൃത്തി 2018-19 സാമ്പത്തിക വർഷം വരെയും പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല

2.നടപ്പാത നിർമ്മാണത്തിനായുള്ള സ്ഥലം ഉടമകളിൽ നിന്നും രേഖാമൂലം വിട്ടു കിട്ടിയതായി രേഖകളില്ല. പ്രോജക്ടിൽ ആസ്തിയുടെ യൂനീക്ക് കോഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

3.എഗ്രിമെന്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യാതെ കരാറുകാരന് ചെയ്ത പ്രവൃത്തികൾക്കുള്ള തുക അനുവദിച്ച് നല്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കപ്പെട്ടിട്ടില്ല

4.3.75 മീറ്റർ നീളമുള്ള മൂന്ന് പൈപ്പ് കൾവർട്ടുകൾ ഒഴിവാക്കി 2മീ നീളമുള്ള ഒരു പൈപ്പ് കൾവർട്ട്(എർത്ത് വർക്ക് ,കോൺക്രീറ്റ് വർക്കുകൾ നടത്താതെ ) മാത്രം സ്ഥാപിച്ചു.

5. സൈഡ് കെട്ടി മണ്ണ് നിറച്ച് ആവശ്യമായ ഭാഗങ്ങളിൽ കൾവർട്ട് സ്ഥാപിച്ച് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന നടപ്പാതയിൽ കൾവർട്ടുകൾ ഒഴിവാക്കിയത് സ്ഥിരതയെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.സൈഡ് വാൾ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടീഷനും ആവശ്യകതയും പരിഗണിക്കാത്തത് ഗുരുതരമായ അപാകമാണ്.

6.വ്യക്തമായ കാരണം രേഖപ്പെടുത്താതെ ഫയൽ അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല

7.വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ പദ്ധതി അവലോകനം നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല.

8.കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയില്ലാതെയും ഭരണസമിതിയുടെ അനുമതിയില്ലാതെയും പ്രവൃത്തി കാലയളവ് പിഴയില്ലാതെ ദീർഘിപ്പിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കപ്പെട്ടിട്ടില്ല

9.ഫയലിൽ സൂക്ഷിച്ചിരിക്കുന്ന എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടിഎസ് ലഭിച്ച എസ്റ്റിമേറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 29/18.03.2020 ന് മറുപടി നല്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 1,24,275രൂപ തടസത്തിൽവെക്കുന്നു. പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും പാഴ്ച്ചെലവ് നടത്തിയതിന് തൃപ്തികരമായ വിശദീകരണം നല്കേണ്ടതുമാണ്.

# 1-33 വിവിധ അംഗനവാടികളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ-അപാകങ്ങൾ- 6575രൂപ ചെലവു നഷ്ടം.7065രൂപ വരവു നഷ്ടം

പ്രോജക്ട് നമ്പർ 113/18,104/19

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

എം ബുക്ക് നമ്പർ 38/17-18,1/18-19

കരാറുകാരൻ ശ്രീ.കെ പി ഗോവിന്ദൻ കുട്ടി (₹ 7,06,521 ഇ ടെണ്ടർ- ഐറ്റം റേറ്റ് കോൺട്രാക്ട്)

സെലക്ഷൻ നോട്ടീസ്

AE/PTVM/SN/13/17-18 തീയതി 05.01.18

കരാറുടമ്പടി

AE/PTVM/35/17-18 തീയതി 15.03.18

അടങ്കൽ ₹7,52,000 ( സംരക്ഷണഗ്രാന്റ് - റോഡ്)

ചെലവ്

₹6,17,001 (ബിൽ നമ്പർ 25 /24.12.2018)

അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.ജി ഒ(പി)13/2012/പി ഡബ്ല്യു ഡി /01.02.2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. സമയ പരിധിക്കകം കരാർ ചമക്കാൻ വീഴ്ച്ച വരുത്തുന്ന പക്ഷം 10 ദിവസം വരെ പി എ സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. (മിനിമം 1000രൂപ പരമാവധി 25000രൂപ) പതിനാലു ദിവസവും പിഴയോടുകൂടിയ പത്തു ദിവസവും കഴിഞ്ഞും കരാറുടമ്പടി വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. ഇ എം ഡി കണ്ടുകെട്ടി ടെണ്ടർ നിബന്ധനയിലെ മറ്റു വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുക്കാമോ എന്ന് നെഗോഷ്യേറ്റ് ചെയ്യണം. ഇത് സാധ്യമല്ലെങ്കിൽ റീടെണ്ടർ ചെയ്യണം.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ നിലനിൽക്കെ AE/PTVM/SN/13/17-18 തീയതി 05.01.18 പ്രകാരം 19.01.18 നകം കരാർ ചമക്കണമെന്ന നിർദ്ദേശത്തോടെ സെലക്ഷൻ നോട്ടീസ് നല്കിയിട്ടും 15.03.18 തീയതിയിൽ കരാറുടമ്പടി വെക്കാൻ അനുവദിച്ചത് ശരിയല്ല. കരാറുകാരനിൽ നിന്ന് യാതൊരു പിഴയും ഈടാക്കാതെ കരാറുടമ്പടി വെക്കാൻ അനുവദിച്ചതും ക്രമപ്രകാരമല്ല. പ്രവൃത്തി പൂർത്തിയാക്കിയ സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും പി എ സിയുടെ 1% നിരക്കിൽ (7065രൂപ) പിഴ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

2.എടമുട്ട് അംഗനവാടിക്കു മുകളിൽ ഹാൾ പണിതത് ഏത് ആവശ്യത്തിനു വേണ്ടിയാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.അംഗനവാടിയുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്തി പുതിയ ഹാൾ പണിതതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആസ്തി കോഡ് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച ബിൽഡിംഗ് പ്ലാനും അനുബന്ധ രേഖകളും പരിശോധനക്കായി ഹാജരാക്കാത്തതും അപാകമാണ്.

3.പ്രോജക്ടിൽ അംഗനവാടികളുടെ വിവരങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളും രേഖപ്പെടുത്തിയിട്ടില്ല.

4.ഇനം നമ്പർ 1.14 ൽ (laterite masonary above plinth upto floor two level) എം ബുക്ക് നമ്പർ 38/17-18 പേജ് 66ൽ കുറവു ചെയ്യേണ്ടുന്ന എല്ലാ ഇനങ്ങളും കുറവു ചെയ്യാത്തതിനാൽ മൂല്യനിർണ്ണയത്തിൽ വ്യത്യാസം വന്നിട്ടുണ്ട്.

കല്ലു കെട്ടിയത് 11.426ഘ.മീ

കുറവു ചെയ്യേണ്ടത് 2.508ഘ.മീ

(ജനൽ 1.12+0.38,വാതിൽ 0.378,ലിന്റൽ ബീം 0.168+0.224+0.066,സൺഷേഡ് ബീമിംഗ്- 0.084+0.063+0.025- ആകെ 2.508ഘ മീ)

കുറവു ചെയ്തത് 1.248ഘ.മീ

വ്യത്യാസം 1.26ഘ.മീ

അധികം നല്കിയ തുക 1.26*5218.44=6575രൂപ.
തുക തിരിച്ചു പിടിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/12.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-34 കാവുങ്കൽ റെയിൽവേ കോളനി റോഡ് ടാറിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - 297685 രൂപ തടസത്തിൽ വെക്കുന്നു

പ്രോജക്ട് നമ്പർ 122/18,106/19
നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

എം ബുക്ക് നമ്പർ 28/18

കരാറുകാരൻ ശ്രീ ഇ പി ബിജു(എസ്റ്റിമേറ്റ് നിരക്ക്)

അടങ്കൽ ₹3,00,000(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്

₹2,97,685(ബിൽ നമ്പർ 12/28.07.2018)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകങ്ങളുണ്ട്

1.0/00 മുതൽ 0/058 വരെ റീച്ചിൽ 15മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് വിത്ത് സെൻട്രൽ ഡ്രെയിനും 42 മീറ്റർ നീളത്തിൽ പുതിയ ടാറിംഗുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും പ്രോജക്ടിലും റീച്ചിൽ മാറ്റം വരുത്താതെ 85 മീറ്റർ റോഡ് കോൺക്രീറ്റിംഗിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. 58 മീറ്റർ എന്ന് പദ്ധതിയിലും എസ്റ്റിമേറ്റ് റിപ്പോർട്ടിലും എസ്റ്റിമേറ്റിലും റീച്ച് രേഖപ്പെടുത്തുകയും 85 മീറ്റർ കോൺക്രീറ്റ് റോഡ് നിർമ്മിക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

2.അംഗീകരിച്ച പ്രോജക്ടിൽ റോഡിന്റെ ആകെ നീളം 200മീറ്ററെന്നും വീതി 4 മീറ്ററെന്നും കാരേജ് വേ യുടെ വീതി 3 മീറ്റർ എന്നുമാണ് രേഖപ്പെടുത്തിയത്. എന്നാൽ ആസ്തി രജിസ്റ്ററിൽ 2.6 മീറ്റർ വീതിയും 182 മീറ്റർ നീളവുമുള്ള നടപ്പാത എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 11.2 മീറ്റർ നീളത്തിൽ സൈഡ് വാൾ നിർമ്മിച്ചത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.സ്ഥലം രേഖാമൂലം വിട്ടുകിട്ടിയതുമായി ബന്ധപ്പെട്ട രേഖകൾ

ഹാജരാക്കുകയോ മുകളിൽ സൂചിപ്പിച്ച പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല

3.വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശമായതിനാൽ മഴക്കാലത്ത് റോഡ് മുഴുവനായും വെള്ളത്തിനടിയിലാകുമെന്നതിനാൽ ബിറ്റുമിൻ റോഡ് വേണ്ടെന്നും കോൺക്രീറ്റ് റോഡ് മതിയെന്നും പ്രസിഡണ്ടും തദ്ദേശവാസികളും ഡിമാന്റ് ചെയ്തതിനാൽ മാറ്റം വരുത്തി എന്നാണ് കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ടാറിംഗ് ഒഴിവാക്കിയതിന് കാരണമായി രേഖപ്പെടുത്തിയത്. ഇതു സംബന്ധിച്ച ഗ്രാമസഭാ നിർദ്ദേശവും വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശകളും ഭരണസമിതി തീരുമാനവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷം പ്രവൃത്തിയുടെ നിർവ്വഹണ വേളയിൽ ഇത്തരം നിർദ്ദേശം വരാനിടയായ സാഹചര്യം വ്യക്തമല്ല.ആദ്യം തയ്യാറാക്കി ടെണ്ടർ ചെയ്ത ഇനങ്ങളിൽ കാതലായ മാറ്റം വന്ന സാഹചര്യത്തിൽ ആദ്യത്തെ കരാറുകാരനെക്കൊണ്ടു തന്നെ പ്രവൃത്തി ചെയ്യിച്ചത് ശരിയല്ല

4. നടപ്പാതയായാണോ റോഡായാണോ നിർമ്മാണം നടത്തിയതെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. അനുയോജ്യമായ കോൺക്രീറ്റിംഗ് പ്രവൃത്തികളാണോ തെരഞ്ഞെടുത്തതെന്നും വ്യക്തമല്ല

6.ആസ്തി രജിസ്റ്റർ പ്രകാരം ആകെ വീതി 2.6 മീറ്ററാണെന്നിരിക്കെ 2.6 മീറ്റർ കോൺക്രീറ്റിംഗ് ചെയ്ത ശേഷം എവിടെയാണ് സൈഡ് വാൾ നിർമ്മിച്ചതെന്ന് വ്യക്തമല്ല. ഏതെങ്കിലും റീച്ചിൽ പ്രസ്തുത വീതി ലഭ്യമാകുന്നുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/16.03.2020 ന് മറുപടി നല്കിയിട്ടില്ല. മേൽക്കാരണങ്ങളാൽ പദ്ധതിക്കു വേണ്ടി ചെലവഴിച്ച 297685 രൂപ തടസത്തിൽ വെക്കുന്നു

# 1-35 കൃഷിഭവൻ കെട്ടിടത്തിന് അനുബന്ധ സൗകര്യം ഒരുക്കൽ-പൊളിച്ചു മാറ്റിയ സാധനങ്ങളുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 139/18,108/19
നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

എം ബുക്ക് നമ്പർ 16/17-18

കരാറുകാരൻ ശ്രീ.രഞ്ജിത്ത് എം വി( 11.3% കുറഞ്ഞ നിരക്ക്)

അടങ്കൽ ₹ 3,00,000 ( ₹ 2,00,000-സംരക്ഷണഗ്രാന്റ് - റോഡിതരം, ₹ 1,00,000-തനത് ഫണ്ട്)

ചെലവ്

₹ 2,00,000(ബിൽ നമ്പർ 23 /4.12.2018) ,23486-തനത് ഫണ്ട് -2017-18

കൃഷിഭവൻ കെട്ടിടത്തിന്റെ ജി ഐ ഷീറ്റ് റൂഫിംഗ് മാറ്റി ആർ സി സി റൂഫിംഗ് നിർമ്മിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിലെ ഇനം 7 (ഷീറ്റ് പൊളിച്ചു മാറ്റി പുനരുപയോഗയോഗ്യമായ സാധനങ്ങൾ അട്ടിവെക്കൽ), ഇനം 8 (സ്റ്റീൽ സെക്ഷനുകൾ പൊളിച്ചു മാറ്റി സ്റ്റാക്ക് ചെയ്യൽ) എന്നിവ ചെയ്തതായി യഥാക്രമം പേജ്

നമ്പർ 21,22 എംബുക്ക് നമ്പർ 16/17-18 ൽ രേഖപ്പെടുത്തിയുണ്ട്. ഇനം 7 ൽ 73.505ച മീ ഉം ഇനം 8 ൽ 485.521 കി ഗ്രാം ഉം സാധനങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ പുനരുപയോഗം ചെയ്യുകയോ വില്പന നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ സർവ്വേ റിപ്പോർട്ട് ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/12.03.2020)മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-36 മാർക്കറ്റ് നിരക്കിൽ ഡാറ്റ തയ്യാറാക്കിയ ഇനങ്ങൾക്ക് കോസ്റ്റ് ഇന്റക്സ് നല്കിയതും മറ്റ് അപാകങ്ങളും- ₹14994 നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ 117/17,94/18,115/19-പഞ്ചായത്ത് പൊതുശ്മശാനത്തിന് റൂം,പുകക്കുഴൽ നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹3,23,901(₹3,10,259-ധനകാര്യ കമ്മീഷൻ അവാർഡ്, ₹13,642-തനതു ഫണ്ട്)

ചെലവ്

₹3,10,259(ബിൽ നമ്പർ 23/04.12.18 ₹2,00,000, ബിൽ നമ്പർ 27/31.12.18 -₹1,10,259)
₹13285( ജനറൽ പർപ്പസ് ഫണ്ട്- ബിൽ നമ്പർ 91/29.12.18 അലോട്ട് മെന്റ് നമ്പർ 93/29.12.18)
കരാറുകാരൻ

ശ്രീ കെ സി രാഘവൻ(എസ്റ്റിമേറ്റ് നിരക്ക്)

എഗ്രിമെന്റ്

AE/PTVM/02/17-18 തീയതി 17.04.17

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

1.2016-17 സാമ്പത്തിക വർഷം പദ്ധതി തയ്യാറാക്കിയപ്പോഴും 2017-18 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയപ്പോഴും 200000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 200000/- രൂപ വികസന ഫണ്ട്-ജനറലും ആണ് വകയിരുത്തിയിരുന്നത് . പ്രസ്തുത വർഷങ്ങളിൽ ചെലവുണ്ടായിരുന്നില്ല. 2018-19 ൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയപ്പോൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഒഴിവാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റും തനത് ഫണ്ടുമാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗപ്പെടുത്താതിരുന്നത് ശരിയല്ല.

2.എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം 323544/- രൂപയാണ്. തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവു പത്രികയിൽ തനതു ഫണ്ട് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

3. ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ മാർക്കറ്റ് നിരക്കുകളിൽ നിന്നുള്ള വ്യതിയാനം പരിഹരിക്കുന്നതിനു വേണ്ടിയാണ് കോസ്റ്റ് ഇൻ്റക്സ് നല്കി വരുന്നത്. അതുകൊണ്ടു തന്നെ മാർക്കറ്റ് റേറ്റിൽ തയ്യാറാക്കുന്ന ഇനങ്ങൾക്ക് കോസ്റ്റ് ഇൻ്റക്സ് അനുവദനീയമല്ല.

എന്നാൽ പ്രവൃത്തിയുടെ എക്സ്ട്രാ ഐറ്റം നമ്പർ 1 ആയി ചെയ്ത Fabricating and erecting GI chimney using 250mm GI pipe 8m long .... എന്ന ഇനത്തിന്റെ ഡാറ്റ താഴെ പറയും പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്

| ക്രമനം | | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | MR | 250mm diameter GI Pipe | 8m | 3110 | 24880 |
| 2 | MR | Mild steel plates | 0.6358Qtl | 4500 | 2861 |
| 3 | 1221 | 20mm dia holding down bolts | 0.158Qtl | 6000 | 948 |
| 4 | MR | 250mm GI joint | 2 | 3350 | 6700 |
| 5 | 116 | Fitter(grade 1) | 5.4 | 435 | 2566.5 |
| 6 | 103 | Blacksmith 2nd class | 5.6 | 399 | 2234.40 |
| 7 | 139 | Skilled beldar | 7.4 | 363 | 2686.2 |
| 8 | 114 | Beldar | 5.6 | 329 | 1842.40 |
| 9 | MR | Hire charge for pulley rope | LS | 75 | 75 |
| 10 | MR | conveyance | 80.73 | 1.78 | 143.7 |
| 11 | MR | conveyance | 80.73 | 1.78 | 143.70 |
| | | Total | | | 45081 |
| | | Water charge1% | | | 450.81 |
| | | CP&OH 15% | | | 6762.15 |
| | | Total | | | 52293.96 |
| | | Cost index37.14% | | | 19421.98 |
| | | Total | | | 71715.94 |

എം ബുക്ക് നമ്പർ 2/17-18 പേജ് 51 ൽ മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത് ഇതേ നിരക്ക് നല്കിയാണ്.ക്രമനമ്പർ 1,2,4,8,10,11 ഇവയ്ക്ക് മാർക്കറ്റ് റേറ്റ് ആണ് നല്കിയതെന്നിരിക്കെ ആയവ ഒഴിവാക്കാതെ കോസ്റ്റ് ഇൻ്റക്സ് നല്കിയതിനാൽ താഴെ പറയും പ്രകാരം 14994രൂപ അധികം

നല്കാനിടയായിട്ടുണ്ട്
മാർക്കറ്റ് റേറ്റ് നല്കിയ ഇനങ്ങളുടെ ആകെ തുക 34803.4രൂപ
പ്രസ്തുത ഇനങ്ങൾക്ക് നല്കിയ വാട്ടർ ചാർജ്ജ് 348.03
പ്രസ്തുത ഇനങ്ങൾക്ക് നല്കിയ സി പി & ഒ എച്ച് 34803.4*15%=5220.5
നല്കിയ കോസ്റ്റ് ഇൻഡക്സ് ( 34803.4+348.03+5220.5)*37.14/100
=40371.91*37.14/100=14994രൂപ
14994 രൂപ തിരിച്ചടക്കേണ്ടതാണ്.

4.മരാമത്ത് മാന്വൽ പ്രകാരം അനുവദനീയമായതിലും കൂടുതൽ കാലയളവ് ദീർഘീകരണം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ദീർഘീകരണത്തിനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷ, അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ,ഭരണസമിതി തീരുമാനം തുടങ്ങിയ രേഖകൾ ഹാജരാക്കാത്തതും അപാകമാണ്.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/15.03.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.19 മുതൽ 27.07.19 വരെ | കെ.എസ്.എ/കെ.എൻ.ആർ./സി.3/1396/ 2019. തീയ്യതി: 19.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 169337 | ലൈഫ് ഭവന പദ്ധതി-ജനറൽ,10/19 | 169337 | 0 |
| | | 100000 | ലൈഫ് ഭവന പദ്ധതി-എസ് സി,11/19 | 100000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 190000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, 16/19 | 190000 | 0 |
| | | 1238371 | നെൽക്കൃഷി വികസനം, 30/19 | 1238371 | 0 |
| | | 150000 | പാലുല്പാദന സബ്സിഡി,77/19 | 150000 | 0 |
| | | 150000 | സാന്ത്വന പരിചരണം,42/19 | 93015 | 56985 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 225000 | ലൈഫ് ഭവന പദ്ധതി-ജനറൽ,10/19 | 225000 | 0 |
| | | 190000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, 16/19 | 190000 | 0 |
| | | 1066400 | നെൽക്കൃഷി വികസനം, 30/19 | 1007388 | 59012 |
| | | 102000 | പച്ചക്കറിക്കൃഷി വികസനം, 36/19 | 102000 | 0 |
| | | 46000 | പാലുല്പാദന സബ്സിഡി,77/19 | 46000 | 0 |
| | | 500000 | ശ്മശാന നിർമ്മാണം,78/19 | 0 | 500000 |

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ട് അതാത് വർഷം വിനിയോഗിക്കാതെ തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരി ഫോർവേർഡ് ചെയ്യുന്നത് ശരിയായ നടപടിയല്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | | തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | തെരുവു വിളക്ക് ലൈൻ ദീർഘിപ്പിക്കൽ,15/19 | 21800758/ 16.01.19 | 398132 | 398132 | 0 |
| കെ എസ് ഇ ബി | വിവിധ സ്ഥലങ്ങളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി വെക്കൽ,17/19 | 21800759/ 31.12.18 | 86106 | 86106 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് 960000രൂപ വായ്പയെടുത്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്,ഉദ്ദേശ്യം,ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി | 9,60,000 | 0 | 0 | 0 | 9,60,000 |

# 4-6 സ്ഥിര നിക്ഷേപം

താഴെ പറയും പ്രകാരം 20000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകളും 200000രൂപയുടെ സ്ഥിരനിക്ഷേപവുമുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 220000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 220000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 220000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് | ₹20,000 |

| | |
|---|---|
| സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 121, സർട്ടിഫിക്കറ്റ് നമ്പർ 4432 തീയതി 09.05.2015 | |
| കേരള ഗ്രാമീൺ ബാങ്ക് - കസ്റ്റമർ ഐ ഡി -410461145 | ₹2,00,000 |
| ആകെ | ₹2,20,000 |

സ്ഥിരനിക്ഷേപത്തിന്റെ പലിശ കേരള ഗ്രാമീൺ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം മുതൽ മാത്രം പുതുക്കി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1920രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-2,3-3 | 1920 | ശ്രീ സിദ്ധപ്പൻ,അക്കൗണ്ടന്റ് | 11802040004/19.11.18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | വിഷയം |
|---|---|---|---|---|
| 2007-08 | 3-1-61 | 2002-03 | 3-9 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ |
| 2016-17 | 2 | 2014-15 | 2-1 | തൊഴിൽ നികുതി |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,89,83,416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,93,01,180 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹8,294 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹26569 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹9,02,402 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1229 | സെക്രട്ടറി, പട്ടുവം ഗ്രാമപഞ്ചായത്ത് |
| 1-15 | 5000 | ശ്രീ.ബാലകൃഷ്ണൻ.ടി.വി, സെക്രട്ടറി |
| 1-33 | 6575 | ശ്രീമതി.ബിന്ദിയ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-33 | 7065 | ശ്രീമതി ബിന്ദിയ കെ വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-36 | 14994 | ശ്രീമതി ബിന്ദിയ കെ വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹34863 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 16924 | ശ്രീ പി ഭാർഗ്ഗവൻ,സെക്രട്ടറി |
| 1-22 | 199188 | ശ്രീ.ബാലകൃഷ്ണൻ.ടി.വി,സെക്രട്ടറി |
| 1-23 | 137830 | ശ്രീ.ബാലകൃഷ്ണൻ.ടി.വി,സെക്രട്ടറി |
| 1-26 | 85760 | ശ്രീമതി സൽമ തോമസ്, ഹെഡ്മിസ്ട്രസ് |
| 1-31 | 40740 | ശ്രീമതി ബിന്ദിയ കെ.വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 124275 | ശ്രീമതി.ബിന്ദിയ.കെ.വി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 297685 | ശ്രീമതി.ബിന്ദിയ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹902402 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-32,1-34 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പി ഭാർഗ്ഗവൻ,സെക്രട്ടറി | വിരമിച്ചു | സിന്ധൂരം, പൂക്കോത്ത് തെരു, തളിപ്പറമ്പ-670141 |
| ശ്രീ.ബാലകൃഷ്ണൻ.ടി.വി,സെക്രട്ടറി | സെക്രട്ടറി,കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് | തെക്കേവീട്, പാപ്പിനിശ്ശേരി വെസ്റ്റ്-670561 |
| ശ്രീമതി.സൽമ തോമസ്, ഹെഡ്മാസ്റ്റർ | ഹെഡ്മിസ്ട്രസ്,പി വി കെ എൻ എസ്,ചവനപ്പുഴ | മെൽവട്ടം ഹൗസ്, അണ്ടികുളം, കാഞ്ഞിരങ്ങാട്(പിഒ) |
| ശ്രീമതി.ബിന്ദിയ.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | പട്ടാടി ഹൗസ്, മാണക്കര, പട്ടുവം പി ഒ- 670143 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 (പദ്ധതിയേതരം) | കെഎസ്എ/കെഎൻആർ/സി3- 740/19 തീയതി 07.06.19 | 1 |
| 2001-02 (പദ്ധതിയേതരം) | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 1 |
| 2010-11 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 1 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 6 |

| | | |
|---|---|---|
| 2013-14,14-15 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 5 |
| 2015-16 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 8 |
| 2016-17 | കെ.എസ്.എ/കെ.എൻആർ./സി3-740/19 തീയതി 07.06.19 | 10 |
| 2017-18 | കെ.എസ്.എ/കെ.എൻആർ./സി3-513/19 തീയതി 15.01.19 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.3/311/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി:12.06.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1 റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Pattuvam Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| | | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 8033681.47 |
| Cash | Cash | RP-40(a) | 7821.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 616000.00 |
| 130000000 | Rental income from Panchayat Properties | RP-3 | 19000.00 |
| 140000000 | Fees & User Charges | RP-4 | 217083.00 |
| 150000000 | Sale & Hire Charges | RP-5 | 98800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 28249840.00 |
| 171000000 | Interest Earned | RP-9 | 116949.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6238745.00 |
| 350000000 | Other Liabilities | RP-36 | 71308.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1920.00 |
| 311000000 | Earmarked Funds | RP-29 | 29132.00 |
| 330000000 | Secured Loans | RP-32 | 960000.00 |
| 340000000 | Deposits Received | RP-34 | 39962.00 |
| 350000000 | Other Liabilities | RP-36 | 156769.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2013908.00 |
| 460000000 | Loans, Advances and Deposits | RP-47 | 154000.00 |
| | Grand total | | 47024918.47 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3269382.00 |
| 220000000 | Administrative Expenses | RP-12 | 887184.00 |
| 230000000 | Operations & Maintenance | RP-13 | 680007.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5321288.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11099517.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 746172.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 273378.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 174360.00 |
| 255000000 | Maintenance Projects | RP-20 | 3297436.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 100000.00 |
| 280000000 | Prior Period item | RP-26 | 151000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 395671.00 |
| 350000000 | Other Liabilities | RP-36 | 3477677.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1967.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 340000000 | Deposits Received | RP-34 | 224900.00 |
| 350000000 | Other Liabilities | RP-36 | 1568735.00 |
| 410000000 | Fixed Assets | RP-38 | 1485604.00 |
| 412000000 | Capital work in Progress | RP-40 | 5522901.00 |
| 460000000 | Loans, Advances and Deposits | RP-47 | 624001.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 7719468.47 |
| Cash | Cash | RP-40(b) | 4270.00 |
| | Grand Total | | 47024918.47 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Pattuvam Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2614017.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 19000.00 |

| | | | |
|---|---|---|---|
| 140000000 | Fee & User Charges | I-4(b) | 267863.00 |
| 150000000 | Sale & Hire Charges | I-5(b) | 98800.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 70239991.00 |
| 171000000 | Interest Earned | I-8 | 116949.00 |
| 180000000 | Other Income | I-9 | 1920.00 |
| | Total Income | | 73358540.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8417346.00 |
| 220000000 | Administrative Expenses | I-11(b) | 887184.00 |
| 230000000 | Operations & Maintenance | I-12(b) | 796726.00 |
| 240000000 | Interest & Finance Charges | I-13 | 1967.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5321288.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19592892.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 746172.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 273378.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 29048660.00 |
| 255000000 | Maintenance Projects | I-14(e) | 3297436.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 100000.00 |
| 270000000 | Provisions and Write off | I-16 | 996.00 |
| 272000000 | Depreciation | I-17(a) | 3194656.00 |
| | Total Expenditure | | 71678701.00 |
| | Gross Surplus/ Deficit of income over Expenditure | | 1679839.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 164188.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1515651.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | BALANCE SHEET<br>Pattuvam Grama Panchayat | | |
| | As on 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 9851094.47 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 108500.00 |
| 312000000 | Reserves | B-3 | 34347884.00 |
| | Total Reserve & Surplus | | 44307478.47 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4582013.00 |
| | Total Grants, Contributions for Specific Purposes | | 4582013.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 960000.00 |
| | Total Loans | | 960000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 761497.00 |
| 350000000 | Other Liabilities | B-9 | 684155.00 |
| | Total Current Liabilities and Provisions | | 1445652.00 |
| | TOTAL LIABILITIES | | 51295143.47 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 55350886.00 |
| 411000000 | Accumulated Depreciation | B-11 | -12370948.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 42979938.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 220000.00 |
| | Total Investments | | 220000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 47985.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 7723738.47 |
| 460000000 | Loans, Advances and Deposits | B-18 | 323482.00 |
| | Total Current Assets, Loans and Advances | | 8095205.47 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 51295143.47 |

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ